# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: ജി1/110/2015 ചാക്ക, തിരുവനന്തപുരം 7

തീയതി: 06/01/2016

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-- 2013 ആഗസ്റ്റ് മാസത്തിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ 2015 ജൂലായ് മാസം വരെ നടത്തിയ ട്രേഡ് ടെസ്റ്റിൽ പാസ്സായ ട്രെയിനികളുടെ പേര്, രക്ഷകർത്താവിൻെറ പേര്, ജനന തിയതി തുടങ്ങിയ രേഖപ്പെടുത്തലുകളിലെ തെറ്റ് തിരുത്തുന്നത് സംബന്ധിച്ച്

2013 ആഗസ്റ്റ് മാസത്തിൽ NCVT ട്രേഡിൽ അഡ്മിഷൻ നേടിയ ട്രെയിനികളുടെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അഡ്മിഷൻ സി.ഡി. യിൽ രേഖപ്പെടുത്തിയതിൻ പ്രകാരമാണ് തയ്യാറാക്കിയത്. ഇതനുസരിച്ച് ഹാൾ ടിക്കറ്റുകൾ വിതരണം ചെയ്ത അവസരത്തിൽ ട്രെയിനികളുടെ പേര്, രക്ഷകർത്താവിൻെറ പേര്, ജനന തീയതി തുടങ്ങിയവയിൽ അപാകതകൾ ഉണ്ടെന്ന് ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർ അറിയിച്ചിരുന്നു. കൂടാതെ ടി ട്രെയിനികളിൽ 2015 ജൂലായ് മാസം വരെ നടത്തിയ പരീക്ഷയിൽ വിജയിച്ച ട്രെയിനികൾക്കുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ഇ നാഷണൽ സർട്ടിഫിക്കേറ്റായാണ് വിതരണം നടത്തുന്നതെന്ന് ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. ടി പശ്ചാത്തലത്തിൽ ട്രെയിനികളുടെ വിവരങ്ങളിലെ ന്യൂനതകൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ട്രെയിനികളുടെ പേര്, രക്ഷകർത്താവിൻെറ പേര്, ജനന തീയതി തുടങ്ങിയവയിലെ ന്യൂനതകൾ ഓൺ ലൈൻ മുഖാന്തിരം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

എല്ലാ സ്ഥാപന മേധാവികളും ട്രെയിനികളുടെ വിവരങ്ങൾ എസ്.എസ്.എൽ.സി. കോപ്പിയിലെ രേഖപ്പെടുത്തലുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്. എന്തെങ്കിലും തെറ്റ് ശ്രദ്ധയിൽപ്പെട്ടാൽ വേണ്ട തിരുത്തലുകൾ വരുത്തേണ്ടതാണ്. ഇപ്രകാരം പരിശോധിച്ച ട്രെയിനികളുടെ വിവരങ്ങളാണ് ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് ലഭിക്കുന്നതിന് ഡി.ജി.റ്റി യ്ക്ക്

അയച്ചുകൊടുക്കുന്നത്. ടി സർട്ടിഫിക്കേറ്റിൽ ട്രെയിനികളുടെ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തി ലഭിക്കുന്ന സാഹചര്യമുണ്ടായൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും പൂർണ്ണ ഉത്തരവാദിത്തം. ഇപ്രകാരം തെറ്റ് സംഭവിച്ചാൽ ടി പ്രിൻസിപ്പാൾമാർക്ക് എതിരെ വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്ന് പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു.

1. itdkerala.org എന്ന വെബ് സൈറ്റിൽ സ്ഥാപനത്തിൻെറ User ID യും Pass Word ഉം ഉപയോഗിച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് Login ചെയ്യാവുന്നതാണ്.

2. ടി സമയം സ്ഥാപനത്തിൻെറ Home Page ദൃശ്യമാകുന്നതാണ്. ടി പേജിൻെറ ഇടത് വശത്തായി Edit NCVT Certificate എന്ന Button കാണാവുന്നതാണ്.

3. ടി Button ൽ Click ചെയ്യുക. ടി സമയം 2013 ആഗസ്റ്റ് മാസത്തിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ ട്രേഡ് ടെസ്റ്റ് വിജയിച്ച ട്രെയിനികളുടെ പട്ടിക കാണാവുന്നതാണ്. ടി പട്ടികയിൽ നിന്ന് ട്രേഡ്/റോൾ നമ്പർ ക്രമത്തിൽ ചെയ്യാവുന്നതാണ്.

4. ടി Home Page ൽ Status Selection എന്ന Button കാണാവുന്നതാണ്. ടി Button Click ചെയ്യുമ്പോൾ NCVT Master , Updation, Not Updated എന്നീ മൂന്ന് Selection കാണാവുന്നതാണ്. ഇതിൽ NCVT Master ൽ ട്രേഡ് ടെസ്റ്റിൽ പാസ്സായ ട്രെയിനികളുടെ പട്ടിക കാണാവുന്നതാണ്. മറ്റ് രണ്ട് Selection നിലും ഒന്നും കാണില്ല.

5. ട്രേഡ് ടെസ്റ്റ് പാസ്സായ ട്രെയിനികളുടെ പട്ടികയിൽ ട്രെയിനികളുടെ പേരിന് വലത് വശത്തായി Edit Button കാണാവുന്നതാണ്. ടി Button Click ചെയ്യുമ്പോൾ ടി ട്രെയിനിയുടെ പേര്, രക്ഷകർത്താവിൻെറ പേര്, ജനന തീയതി എന്നിവ Edit ചെയ്യുന്നതിനുള്ള Option കാണാം. ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ടി വിവരങ്ങൾ Edit ചെയ്യുക. ടി സമയം ടി ട്രെയിനിയുടെ

Row യുടെ നിറം റോസ് നിറത്തിലാകുന്നതാണ്. ഇപ്രകാരം തെറ്റ് തിരുത്തേണ്ട ട്രെയിനികളുടെ വിവരങ്ങൾ Edit ചെയ്യാവുന്നതാണ്.

6. തെറ്റ് തിരുത്തേണ്ട എല്ലാ ട്രെയിനികളുടെയും വിവരങ്ങൾ Edit ചെയ്ത ശേഷം Status Selection Button Click ചെയ്ത് Not Updated Selection Click ചെയ്യുക. ടി സമയം Edit ചെയ്ത എല്ലാ ട്രെയിനികളുടെയും വിവരങ്ങൾ കാണാവുന്നതാണ്. ടി ട്രെയിനികളുടെ പട്ടിക പ്രിൻറ് ചെയ്ത് എടുക്കുക.

7. ടി പട്ടികയും ബന്ധപ്പെട്ട രേഖകളുമായി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകേണ്ടതാണ്.

**<u>നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ</u>**

1. നോഡൽ ഐ.ടി.ഐ. യുടെ User ID യും Pass Word ഉം ഉപയോഗിച്ച് Login ചെയ്യുക

2. ടി സമയം ടി നോഡൽ ഐ.ടി.ഐ. യുടെ അധീനതയിൽ വരുന്ന സർക്കാർ/ എസ്.സി.ഡി.ഡി./എസ്.റ്റ്.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. കളുടെ പട്ടിക കാണാവുന്നതാണ്. ടി പട്ടികയിൽ നിന്ന് ഓരോ സ്ഥാപനത്തെയും Select ചെയ്യാവുന്നതാണ്.

3. ഇപ്രകാരം ഓരോ സ്ഥാപനത്തെയും Select ചെയ്യുമ്പോൾ ടി സ്ഥാപനത്തിൽ നിന്നും Edit ചെയ്ത ട്രെയിനികളുടെ പട്ടിക കാണാവുന്നതാണ്. ടി പട്ടികയിൽ Edit ചെയ്ത ട്രെയിനികളുടെ പുതിയ വിവരങ്ങളും അതിനോടൊപ്പം ബ്രാക്കറ്റിനുള്ളിൽ പഴയ വിവരങ്ങളും കാണാവുന്നതാണ്.

4. Edit ചെയ്ത പുതിയ വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ പ്രകാരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഇതിൽ തെറ്റുണ്ടെങ്കിൽ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് Edit ചെയ്ത് ശരിയാക്കാവുന്നതാണ്.

5. ഇതിന് ശേഷം Accept Button Click ചെയ്യുക.

6. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ Accept ചെയ്താൽ മാത്രമേ Data Correction പൂർണ്ണമാകുകയുള്ളു.

7. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ Accept ചെയ്യുന്ന മുറയ്ക്ക് Edit ചെയ്ത ട്രെയിനികളുടെ പേര് വിവരം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ Status Selection ലുള്ള Not Updation List ൽ നിന്നും Updation List ൽ കാണാനാവുകയുള്ളു.

8. ഇപ്രകാരം Edit ചെയ്ത ട്രെയിനികളുടെ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിന്റെ Updation List ൽ കാണുകയാണെങ്കിൽ Data Correction പൂർത്തിയായി എന്ന് മനസ്സിലാക്കാവുന്നതാണ്.

9. നോഡൽ ഐ.ടി.ഐ. യിലെ ട്രെയിനികളുടെ വിവരങ്ങളും മുകളിൽ പറഞ്ഞിട്ടുള്ള നടപടി ക്രമ പ്രകാരം Data Correction നടത്താവുന്നതാണ്.

ട്രെയിനികളുടെ വിവരങ്ങൾ അടിയന്തിരമായി ഡി.ജി.റ്റി. യിൽ അറിയിക്കേണ്ടതിനാൽ ടി **Corrections 15/01/2016 തീയതി വൈകുന്നേരം 5.00 മണിക്ക് മുൻപായി ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരും ചെയ്ത് തീർക്കേണ്ടതാണ്. 15/01/2016 തീയതി വൈകുന്നേരം 5.00 മണിക്ക് ശേഷം ടി സംവിധാനം വെബ് സൈറ്റിൽ നിന്ന് പിൻവലിക്കുന്നതായിരിക്കും.** ആയതിനാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ ടി Corrections വരുത്തുവാൻ എല്ലാ പ്രിൻസിപ്പാൾമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./ സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾ മാർക്കും

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും ( ടി നടപടികൾ നിശ്ചിത സമയ പരിധിക്കുള്ളിൽ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്)